

# പകരക്കാരൻ

**നിങ്ങൾ എന്തെങ്കിലും** തെറ്റു ചെയ്താൽ— അതായത് മാതാപിതാക്കളെ അനുസരിക്കാതിരിക്കുക, മോഷ്ടിക്കുക, ചതിക്കുക, കള്ളം പറയുക തുടങ്ങിയ കാര്യങ്ങൾ ഉണ്ടായാൽ എന്താണു സംഭവിക്കുക? നിങ്ങളുടെ തെറ്റിന് എപ്പോഴെങ്കിലും മറ്റാർക്കെങ്കിലും അടി കിട്ടിയിട്ടുണ്ടോ?

അനേകം, അനേകം വർഷങ്ങൾക്കു മുമ്പ് ജീവിതം ഇന്നത്തേക്കാൾ വ്യത്യാസമുള്ളതായിരുന്നു. തെറ്റു ചെയ്താൽ കുട്ടികളെ പലപ്പോഴും പള്ളിക്കുടങ്ങളിൽ പോലും ചൂരൽ വടികൊണ്ട് അടിക്കുമായിരുന്നു!

ഇങ്ങനെയുള്ള ഒരു പള്ളിക്കുടത്തിലെ കുട്ടികൾ മഹാ വഴക്കാളികളും അനുസരണം കെട്ടവരുമായിരുന്നതിനാൽ അവിടെ പഠിപ്പിക്കുന്നതിന് തയ്യാറല്ലെന്ന് പല അദ്ധ്യാപകരും പറയുകയുണ്ടായി. അത്യാവശ്യമായി ജോലി വേണ്ടിയിരുന്ന ഒരു അദ്ധ്യാപകൻ ആ പള്ളിക്കുടത്തിൽ ജോലിക്കു കയറി.

ആദ്യ ദിവസംതന്നെ ആ അദ്ധ്യാപകൻ ക്ലാസ്സുമുറിയിൽ കുട്ടികൾ പാലിക്കേണ്ടിയിരുന്ന ചിട്ടകളും, അനുസരിക്കാതിരുന്നാൽ ഉണ്ടാകുന്ന ശിക്ഷകളും മുന്നറിയിപ്പും അവർ തന്നെ എഴുതിയുണ്ടാക്കുവാൻ ആവശ്യപ്പെട്ടു. കുട്ടികൾ സന്തോഷപൂർവ്വം അത് തയ്യാറാക്കി ഗൗരവമായിത്തന്നെ പെരുമാറി.

നിയമങ്ങളിൽ ചിലത്, ''മോഷ്ടിക്കുവാൻ പാടില്ല, ചീത്തവിളിക്കരുത്, അടിയിടരുത്'' തുടങ്ങിയ കാര്യങ്ങളാണ്. എല്ലാ തെറ്റുകൾക്കും ഒരേ ശിക്ഷയായിരിക്കും: ''ഉടുപ്പൂരിമാറ്റി പുറകുവശത്ത് പത്ത് അടിവീതം. ആരും ഒഴുവാക്കപ്പെടുകയില്ല.''

**ഒന്നാം ദിവസം** കുഴപ്പം ഒന്നും ഉണ്ടായില്ല. എന്നാൽ രണ്ടാം ദിവസം ഒരു കുട്ടിയുടെ ഉച്ചഭക്ഷണം



കളവു പോയി. അദ്ധ്യാപകന്റെ അന്വേഷണത്തിൽ മോഷ്ടിച്ച കള്ളൻ, ക്ലാസിലെ ഏറ്റവും ചെറിയവനും ശരീരം ശോഷിച്ചവനുമായ ഒരു വിദ്യാർത്ഥിയാണെന്നു കണ്ടെത്തി.

കുട്ടികൾതന്നെ എഴുതിയുണ്ടാക്കിയിരുന്ന നിയമാവലിയിൽ മോഷണക്കുറ്റത്തിനുള്ള ശിക്ഷ പത്ത് അടിയാണ്. അദ്ധ്യാപകൻ കുറ്റംചെയ്ത കൊച്ചുകുട്ടിക്ക് ശിക്ഷ കൊടുക്കുന്നതു കാണുവാൻ എല്ലാവരും ആകാംക്ഷയോടെയിരുന്നു. പക്ഷേ ആ ആൺകുട്ടി ഉടുപ്പു ഊരുവാൻ വിസമ്മതിച്ചു.

ഒടുവിൽ അദ്ധ്യാപകൻ നിർബന്ധിച്ച് അവനെക്കൊണ്ടു ഉടുപ്പ് ഊരിച്ചു. അതിനടിയിൽ ഒരു ബനിയൻ ഉണ്ടായിരുന്നില്ല! ആ കുട്ടിയുടെ ശരീരം എത്രമാത്രം ക്ഷീണിച്ചതാണെന്നു സകലരും കണ്ടു. ഭക്ഷണക്കുറവിനാൽ അവന്റെ ശരീരത്തിലെ എല്ലുകൾ തെളിഞ്ഞു കാണാമായിരുന്നു. അടിവാങ്ങുവാനുള്ള ശക്തി അവനുണ്ടായിരുന്നില്ല. കരഞ്ഞുകൊണ്ട്, തന്റെ ഭവനത്തിന്റെ ദാരിദ്ര്യാവസ്ഥ അവൻ അവരോടു പറഞ്ഞു.

ആ ക്ലാസ്സിലെ മറ്റുകുട്ടികൾക്കെല്ലാം അവനോടു സഹതാപം തോന്നി. എന്നാൽ ശിക്ഷയുടെ കാര്യം എങ്ങനെ? *നിയമം ലംഘിച്ചിരിക്കുന്നു, ശിക്ഷ നടപ്പാക്കിയേ മതിയാവൂ.*

**പെട്ടെന്ന്,** ഉച്ചഭക്ഷണം നഷ്ടപ്പെട്ട വലിയ കുട്ടി മുന്നോട്ടുവന്നു. ആ കൊച്ചുകുട്ടിക്കുവേണ്ടി ഞാൻ അടിയേറ്റുകൊള്ളമെന്ന് അവൻ പറഞ്ഞു. ആലോചിച്ചു നോക്കൂ—ആരുടെ ഉച്ചഭക്ഷണം മോഷ്ടിക്കപ്പെട്ടുവോ അവൻ തന്നെ, മോഷ്ടിച്ചവനുവേണ്ടി ശിക്ഷ ഏറ്റുവാങ്ങുവാൻ പോകുന്നു!

നിയമലംഘനം നടത്തിയവനുവേണ്ടി, ഒരു പകരക്കാരൻ അടിയേൽക്കുന്നതിന് ക്ലാസ്സിലുള്ള മറ്റുള്ളവർക്കെല്ലാം സമ്മതമായിരുന്നു. ശിക്ഷ നടപ്പാക്കിക്കഴിഞ്ഞപ്പോൾ, സകലരും കരഞ്ഞുപോയി. ആ കൊച്ചുകുട്ടി, വലിയ കുട്ടിയോട് ഇങ്ങനെ പറഞ്ഞു, "എനിക്കുവേണ്ടി നീ അടിവാങ്ങിയല്ലോ. നിന്നോടു ഞാൻ എന്നും നന്ദിയുള്ളവനായിരിക്കും!"

**പ്രിയ ആൺകുട്ടികളേ, പെൺകുട്ടികളേ,** നിങ്ങൾ എല്ലാക്കാലത്തും ചെയ്തിട്ടുള്ള സകല മോശമായ കാര്യങ്ങൾക്കും ഒരുവൻ ശിക്ഷ വാങ്ങിയിട്ടുണ്ടെന്നു നിങ്ങൾക്കറിയാമോ? *നിങ്ങൾക്കു* പകരക്കാരനായി യേശുക്രിസ്തു ക്രൂശിൽ മരിച്ചു. *നിങ്ങളുടെ* പാപങ്ങൾക്കായി ദൈവം യേശുവിനെ ശിക്ഷിച്ചു. നീ ഒരു പാപിയാണെന്ന് സമ്മതിച്ച് ഏറ്റുപറയുമെങ്കിൽ, യേശു നിനക്കുവേണ്ടി മരിച്ചതിനാൽ ദൈവം നിന്റെ പാപങ്ങൾ ക്ഷമിച്ചുതരും. അപ്പോൾ നീ സ്വർഗ്ഗത്തിൽ പോകുവാൻ ഒരുങ്ങും!

*"എന്നാൽ അവൻ നിങ്ങളുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു ... അവന്റെ അടിപ്പിണരുകളാൽ (ചാട്ടവാറിനുള്ള അടികൾ) നമുക്കു സൗഖ്യം വന്നുമിരിക്കുന്നു"* (യശ 53:5).

*"അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു (ക്രൂശിൽ)"* (1 പത്രോസ് 2:24).

*പ്രസിദ്ധീകരിക്കുന്നത്:*
**പ്രത്യാശാദീപം,** മേഴ്സി ഹോം
ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507